# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4471 — 27.06.2013-ൽ മറുപടിയ്ക്ക്

## ഗതാഗത തിരക്ക് പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ശിവദാസൻ നായർ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, ലൂഡി ലൂയിസ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗതാഗത തിരക്കും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;<br><br>(ബി) ഇതിനായി ഒരു സമഗ്ര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | <u>(എ) & (ബി) :</u><br><br>കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് ഗണ്യമായ പരിഹാരം ലഭിക്കത്തക്കവിധം നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഇത് നടപ്പാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.<br>സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഗതാഗത തിരക്ക് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിന് 23 പദ്ധതികൾക്ക് ജി.ഒ.(എം.എസ്) നം.51/2013/ പി.ഡബ്ല്യൂ.ഡി തീയതി 14/6/2013 പ്രകാരം ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്ത് അനുഭവിച്ചുവരുന്ന ഗതാഗതക്കുരുക്കിന് കാരണം വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രതയും അതിനനുസരിച്ച് റോഡുകളുടെ വീതിയിൽ ഉള്ള കുറവുമാണ്. ഇതിന് പരിഹാരമായിട്ടാണ് ദേശിയപാതകളിൽ ദേശീയപാതാ വികസന പദ്ധതി നടപ്പിലാക്കുന്നത്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് ദേശീയപാതയിലെ ഗതാഗതക്കുരുക്കിന് ഒരു ശാശ്വത പരിഹാരം പ്രതീക്ഷിക്കാം. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>കെ.എസ്.ടി.പി-II പദ്ധതിയിൽപ്പെടുത്തി 363 കി.മീ ദൈർഘ്യമുള്ള 6 റോഡുകളുടെ നിർമ്മാണ പ്രവൃത്തി തുടങ്ങി കഴിഞ്ഞിട്ടുണ്ട്. 1000 കി.മീ തെരഞ്ഞെടുത്ത റോഡുകൾ ഹെവി മെയിന്റ |

നൻസ് ചെയ്യുവാനുള്ള പഠനം പൂർത്തിയായി വരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത 8570 കി.മീ റോഡുകളുടെ സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡിയും നടന്നുവരുന്നു.

(സി) പദ്ധതി കൊണ്ട് എന്തൊക്കെയാണ് വിഭാവനം ചെയ്യുന്നത് ;

(സി) കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിന് പ്രത്യേക പ്രാധാന്യം നൽകി സുഗമമായി വാഹന ഗതാഗതത്തിന് സൗകര്യപ്പെടുന്ന വിധമാണ് നഗര റോഡു വികസന പദ്ധതികൾ കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ദേശീയപാതാ വിഭാഗത്തിൽ സുരക്ഷിതവും, സുഗമവും, കുറഞ്ഞ യാത്രാചെലവും ഉള്ള റോഡ് ഗതാഗതമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള-യിൽ റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും, കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

റോഡ് അപ്ഗ്രേഡ് ചെയ്യുന്നതും, ഹെവി മെയിന്റനൻസ് ചെയ്യുന്നതും മൂലം ജനങ്ങൾക്ക് സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുക, യാത്രാസമയം ലാഭിക്കുക, വാഹന പരിപാലന ചെലവ് കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക, ഓരോ വർഷവും റോഡിന്റെ ഉപരിതലം പുതുക്കൽ കുറയ്ക്കുക വഴി ധനവിനിയോഗം കുറയ്ക്കുക എന്നിവയാണ് വിഭാവനം ചെയ്യുന്നത്.

(ഡി) ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) KRFB യിലും NH വിഭാഗത്തിലും BOT വ്യവസ്ഥയിലാണ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. RICK-ൽ റീഹാബിലിറ്റേഷൻ പാക്കേജിൽ വികസിപ്പിക്കുന്ന റോഡുകൾ പി.പി.പി/ അന്യൂറ്റി രീതിയിൽ സർക്കാർ ധനസഹായത്തോടെയും അപ്ഗ്രഡേഷൻ പാക്കേജ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

കെ.എസ്.ടി.പി-II പദ്ധതിക്ക് 1166 കോടി രൂപ ലോകബാങ്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. 1000 കി.മീ റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുന്നതിന് ലോകബാങ്ക്, നബാർഡ് എന്നീ ഏജൻസികളെ സമീപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ